**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3406 18/02/2013-ൽ മറുപടിയ്ക്ക്

**പച്ചക്കറി ഉല്പാദനത്തിനും വിപണനത്തിനും വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ<br>,, പി. റ്റി. എ. റഹീം<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. എസ്. രാജേന്ദ്രൻ | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പച്ചക്കറിയുടെ ഉല്പാദനത്തിനും വിപണനത്തിനും വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ തല ഏജൻസികൾ ഏതൊക്കെയാണ് ; | എ) | സംസ്ഥാനത്ത് പച്ചക്കറിയുടെ ഉല്പാദനത്തിനും വിപണനത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഏജൻസികൾ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, ഹോർട്ടികോർപ്പ്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, സംസ്ഥാന വിത്തുവികസന അതോറിറ്റി എന്നിവയാണ്. |
| ബി) | ഈ ഏജൻസികളുടെ പ്രവർത്തനം കൊണ്ട് 2012-13 -ൽ സംസ്ഥാനത്ത് പച്ചക്കറിയുടെ ഉല്പാദനത്തിൽ വർദ്ധന വുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് വിവരങ്ങൾ നൽകുമോ ; | ബി) | ഇതിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ വഴി 2011-12 സാമ്പത്തിക വർഷം 25100 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യുകയും 3 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തു. 2012-13 സാമ്പത്തിക വർഷം നാളിതുവരെ 17800 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിൽ നിന്നുള്ള ഉല്പാദനം 1.5 ലക്ഷം ടൺ ആണ്. ഹോർട്ടികോർപ്പ് വിതരണ രംഗത്ത് മാത്രം പ്രവർത്തിക്കുന്ന സ്ഥാപനമാണ്. |
| സി) | സംസ്ഥാനത്ത് ഇത്തരം ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അന്യ സംസ്ഥാനത്ത് നിന്നുമുള്ള പച്ചക്കറിയുടെ ഇറക്കുമതിയിൽ കുറവൊന്നുമുണ്ടായിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് | സി) | ഇല്ല. |

പരിശോധന നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

ഡി) 2012-13 -ൽ ഈ ഏജൻസികൾക്ക് അനുവദിച്ച തുക എത്രയാണ്; അതിൽ നാളിതു വരെ എന്തു തുക ചെലവഴിച്ചുവെന്നറിയിക്കുമോ ?

ഡി) 2012-13 സാമ്പത്തികവർഷം കൗൺസിലിന് സർക്കാർ പ്ലാൻ ഫണ്ടിനത്തിൽ അനുവദിച്ച തുകയും നാളിതുവരെ ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു.

| | പദ്ധതികൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക 30.01.13 (ലക്ഷത്തിൽ) |
|---|---|---|---|
| 1 | വെജിറ്റബിൾ ഡെവലപ്മെന്റ് | 400 | 164.734 |
| 2 | ഹൈ-ടെക് അഗ്രികൾച്ചർ | 200 | 29.5 |
| 3 | വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾക്കുള്ള സഹായം | 500 | 140.13 |
| 4 | മാർക്കറ്റ് ഇന്റർവെൻഷൻ സപ്പോർട്ട് | 250 | 493.03 |
| 5 | ഗ്രോബാഗ് പദ്ധതി മുനിസിപ്പാലിറ്റികളിൽ | 99.75 | 76.94 |
| 6 | നടീൽ വസ്തുക്കളുടെ ഉത്പാദനം | 45 | 23.76 |
| 7 | വയനാട് പാക്കേജ് | 103 | 0 |

2012-13 ൽ ഹോർട്ടികോർപ്പിന് പച്ചക്കറികൾ 30% വരെ വിലകുറച്ച് നൽകുന്നതിന് 2.50 കോടി രൂപ നൽകുകയും പ്രസ്തുത തുക ഹോർട്ടികോർപ്പ് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കേരള വിത്ത് വികസന അതോറിറ്റിക്ക് 2012-13 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 6,52,80,000/- രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ നാളിതുവരെ 3,46,00,500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ